ആക്രമണങ്ങളിൽ പങ്കെടുത്തവരുടെ അനുഭവസാക്ഷ്യവിവരണം കൊണ്ടാണ് പുസ്തകം ശ്രദ്ധേയമാകുന്നത്. നക്സലിസ്റ്റു പ്രസ്ഥാനത്തിന്റെ നെടുംതൂണായിരുന്ന കെ. വേണു, പുനലൂർ പേപ്പർ മിൽ ഉടമയായ ഡാൽമിയയെ വധിക്കാനുള്ള ശ്രമത്തിൽപ്പെട്ട് അറസ്റ്റിലായ കെ.എസ്. രാമചന്ദ്രൻ, കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പങ്കാളിയായ എം.എം. സോമശേഖരൻ, കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിവിറപ്പിച്ച രാജൻ ഉരുട്ടിക്കൊലക്കേസിനു ദൃക്സാക്ഷിയായ കാനങ്ങോട്ട് രാജൻ, കായണ്ണസ്റ്റേഷനാക്രമണത്തിൽ പ്പെട്ട് അറസ്റ്റിലായ വി.കെ. പ്രഭാകരൻ, ചിണ്ടപ്പൻ നമ്പ്യാർ, ജന്മിയെ കൊള്ളയടിച്ച കേസിൽ പ്രതിയായ നാടകപ്രവർത്തകൻ മധുമാസ്റ്റർ, സ്റ്റേഷൻ ആക്രമണത്തിനു തോക്കെത്തിക്കാനുള്ള ചുമതലയുണ്ടായിരുന്ന അമീർ അലി, കോഴിക്കോട് മെഡിക്കൽ കോളേജിലെ ജനകീയവിചാരണയ്ക്കു നേതൃത്വം നൽകിയ എ. വാസു, കേണിച്ചിറ മഠത്തിൽ മത്തായി വധക്കേസിൽ ഒമ്പതാംപ്രതിയായ മധുസൂദനൻ, അതിന്റെ ആക്ഷൻ കമാൻഡറായിരുന്ന കുന്നേൽ കൃഷ്ണൻ, ജനകീയ സാംസ്കാരികവേദി പ്രവർത്തകനായിരുന്ന സിവിക്ചന്ദ്രൻ എന്നിവരുടെ സ്മരണകളിലൂടെയും വിലയിരുത്തലുകളിലൂടെയും നിരീക്ഷണങ്ങളിലൂടെയുമാണ് പുസ്തകരചന സാദ്ധ്യമാക്കിയിരിക്കുന്നത്. ഈ പുസ്തകത്തിലെ സംഭവങ്ങൾ കേരളത്തിൽ ഒരു കാലത്ത് കോളിളക്കം സൃഷ്ടിച്ചവയാണ്. അതിന്റെ അണിയറക്കഥകളുടെ വായന നമ്മെ ഉദ്വേഗഭരിതരും വിജ്ഞാനപൂർണ്ണരുമാക്കിത്തീർക്കും. നക്സലിസം വിഭാവനം ചെയ്ത സാമൂഹികക്രമത്തിന്റെ വ്യവസ്ഥാപിതത്വത്തിനുവേണ്ടി രക്തംചീന്തിയ ഒരുകൂട്ടം യുവാക്കളുടെ മാനവികബോധത്തെ അവഗണിക്കാൻ ആർക്കും സാദ്ധ്യമല്ല. മാർഗം ശരിയോ തെറ്റോ ആകട്ടെ. ഇങ്ങനെയും ഇവിടെ സംഭവിച്ചു എന്നു രേഖപ്പെടുത്തപ്പെടുക തന്നെ വേണം.

# ചരിത്രത്തിൽ ഇടപെട്ട സസ്യങ്ങൾ

ഡോ. ഷാജുതോമസ്

ചരിത്രനിർമ്മിതിയിൽ വ്യക്തികളും പ്രസ്ഥാനങ്ങളുമാണ് നിമിത്തമാകുന്നതെന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ, മനുഷ്യന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ വ്യവഹാരങ്ങളിൽ സസ്യങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് മലയാളി വായനക്കാർക്ക് അധികം അറിവ് ഉണ്ടാകാനിടയില്ല. അതിനു കാരണം പ്രസ്തുത വിഷയങ്ങളെ അധികരിച്ചുള്ള പുസ്തകങ്ങൾ മലയാളഭാഷയിൽ തുലോം വിരളമാണെന്നതാണ്. മലയാളികൾക്ക് ഏറെ സുപരിചിതവും നിത്യജീവിതത്തിന്റെ (ആഹാരത്തിന്റെ മാത്രമല്ല സമ്പത്തിന്റെ കൂടി) ഭാഗവുമായ മരിച്ചീനി, തേയില, കുരുമുളക്, തെങ്ങ്, റബ്ബർ എന്നീ സസ്യങ്ങളെക്കൂടാതെ കരിമ്പ്, പരുത്തി, കറുപ്പ് (ഓപ്പിയം), പുകയില, ഉരുളക്കിഴങ്ങ്, ഇൻഡിഗോച്ചെടി തുടങ്ങിയ പതിനൊന്ന് സസ്യങ്ങൾ ആഗോളതലത്തിലും പ്രാദേശികമായും ഉണ്ടാക്കിയ സാമൂഹ്യ-സാമ്പത്തികമാറ്റങ്ങളെ ശാസ്ത്രീയമായും സരളമായും പ്രതിപാദിക്കുന്ന പുസ്തകമാണ് ശ്രീ. എൻ.എസ്. അരുൺകുമാർ എഴുതി കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ചരിത്രത്തിൽ ഇടപെട്ട സസ്യങ്ങൾ'.

തദ്ദേശീയ/സ്ഥാനീയ (Endemic) ജീവിവർഗ്ഗങ്ങളുടെ നിലനില്പിന് വൈദേശീക/അധിനിവേശ (Exotic and invasive) സ്പീഷിസുകൾ വെല്ലുവിളി സൃഷ്ടിക്കുന്നതിനെക്കുറിച്ച് ലോകം വേവലാതിപ്പെടുന്ന ഇക്കാലത്ത് ഏറെ പ്രസക്തമാണ് ഈ പുസ്തകം. മുൻ സൂചിപ്പിച്ച പതിനൊന്നിനം സസ്യങ്ങളുടെ ആഗോളയാത്രകളും അവ വരുത്തിവച്ച ഗുണ-ദോഷങ്ങളുമാണ് പതിനൊന്ന് അധ്യായങ്ങളിലായി 92 പേജുകളിലൂടെ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. സസ്യശാസ്ത്രത്തിലുള്ള ഗ്രന്ഥകർത്താവിന്റെ അറിവും അന്വേഷണത്വരയും വിശകലനവൈഭവവും ഒരു പുത്തൻ വായനാനുഭവം തന്നെയാണ് പുസ്തകപ്രേമികൾക്ക് നൽകുന്നത്. ശാസ്ത്രത്തിന്റെയും വാണിജ്യതന്ത്രങ്ങളുടെയും പിൻബലത്തോടെ മനുഷ്യർ, സസ്യങ്ങളെ എപ്രകാരമൊക്കെ ഉപയോഗിച്ചാണ് സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ചതും നിലംപരിശാക്കിയതുമെന്നും ചരിത്രരേഖകളുടെ പിൻബലത്തോടെ വിവരിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിട്ടുണ്ട്.




**ചരിത്രത്തിൽ ഇടപെട്ട സസ്യങ്ങൾ**
എൻ.എസ്. അരുൺകുമാർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
പേജ് 96, വില 96/-

ആമസോൺ മഴക്കാടുകളിൽ പിറവിയെടുത്ത റബ്ബർച്ചെടിയും ബ്രസീലിൽനിന്ന് ലോകം കീഴടക്കിയ ''പാവപ്പെട്ടവന്റെ ധാന്യമായ'' കപ്പയും കരീബിയൻ ദ്വീപുസമൂഹങ്ങളിൽ വളർന്നിരുന്ന തെങ്ങും എങ്ങനെയാണ് കേരളീയ ജീവിതത്തെ സ്വാധീനിച്ചതെന്നും നമ്മൾ ഈ പുസ്തകത്തിലൂടെ അറിയുന്നു. കരിമ്പും ഉരുളക്കിഴങ്ങും വരുത്തിവച്ച അടിമക്കച്ചവടവും അതിന്റെ ദുരന്തങ്ങളും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഇൻഡിഗോച്ചെടിയുടെ പങ്കും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയിരിക്കുന്നു. ഇത്തരത്തിലുള്ള വിജ്ഞാനപ്രദവും വിസ്മയകരവുമായ കാര്യങ്ങളാണ് അരുൺകുമാറിന്റെ ഈ പുസ്തകത്തിലൂടെ വായനക്കാരന്റെ പക്കൽ എത്തുന്നത്. ഇത് തികച്ചും ശ്ലാഘനീയം തന്നെ.

ഡോ. ഷാജു തോമസ്
റിട്ട. പ്രൊഫ. സുവോളജി,
നിർമ്മല കോളേജ്, മൂവാറ്റുപുഴ

# കൊഴിഞ്ഞുപോയ വസന്തങ്ങൾ

രവിപ്രസാദ്

കേരള സാമൂഹിക രാഷ്ട്രീയചരിത്രത്തിൽ ഉന്മൂലനസിദ്ധാന്തത്തിന്റെ പ്രായോഗികതലം അനുഭവത്തിൽ വരുത്തിയ ഒരു കാലഘട്ടമുണ്ടായിരുന്നു. നടന്നുകഴിഞ്ഞ വിപ്ലവങ്ങളൊന്നും യഥാർത്ഥത്തിൽ സാമൂഹികപരിണാമത്തിനു പര്യാപ്തമായവയല്ലെന്നും ചൈനയിൽ മാവോ സെതുങ് നടപ്പിൽവരുത്തിയ ത്വരിതഗതിയിലുള്ള പരിവർത്തനമാണ് ഇവിടെയുണ്ടാകേണ്ടതെന്നും വിശ്വസിച്ച ഒരു തലമുറ ചരിത്രത്തിലിടംപിടിക്കുകയായിരുന്നു. അവരുടെ ഉദ്ദേശ്യം നല്ലതായിരുന്നുവെങ്കിലും മാർഗം അംഗീകാരയോഗമല്ലായിരുന്നു. അതിനാൽത്തന്നെ, നക്സലിസ്റ്റുകളുടെ ചെയ്തികൾക്കു ഭീതിജനകമായ ഒരു പരിവേഷം ലഭിക്കുകയും ഭരണകൂടത്തിന്റെ ശത്രുക്കളായി അവർ വേട്ടയാടപ്പെടുകയും ചെയ്തു. കേരളത്തിലെ നക്സൽപ്രസ്ഥാനത്തിന്റെ നേരനുഭവങ്ങൾ വിശദമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് സെബാസ്റ്റ്യൻ ജോസഫിന്റെ 'വസന്തത്തിന്റെ ഇടിമുഴക്കം'. തികച്ചും പക്ഷപാതരഹിതമായി യഥാതഥമായി സംഭവങ്ങളെ ആഖ്യാനം ചെയ്യുന്ന ഈ പുസ്തകം ഒരു കാലഘട്ടത്തെ നമുക്കു മുന്നിൽ തുറന്നുകാട്ടുന്നു.

ഇന്ത്യയിൽ പുതിയ സാമൂഹികക്രമത്തിന്റെ വരവറിയിച്ചുകൊണ്ട് ബംഗാളിലെ നക്സൽ ബാരിയൽ മുഴങ്ങിക്കേട്ട വസന്തത്തിന്റെ ഇടിമുഴക്കമായ നക്സലിസത്തിന്റെ ചരിത്രം ലഭ്യവും സാധ്യവുമായ എല്ലാ തെളിവുകളോടെയും ഇവിടെ അവതരിപ്പിക്കുന്നു. അടിയന്തരാവസ്ഥയ്ക്കുമുമ്പ് കേരളത്തിൽ ശക്തമായി പ്രവർത്തിച്ചിരുന്ന നക്സൽപ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനപദ്ധതികളെപ്പറ്റിയും അതിനു നേതൃത്വം കൊടുത്ത വ്യക്തികളെപ്പറ്റിയും സൂക്ഷ്മമായ വിവരണമുണ്ടീ ഗ്രന്ഥത്തിൽ. നക്സലിസ്റ്റ് ആക്രമണങ്ങളിൽ ഏറ്റവും പ്രസിദ്ധമായ തലശ്ശേരി, പുൽപ്പള്ളി സംഭവങ്ങളുടെ കാര്യകാരണങ്ങളെപ്പറ്റിയും അതിന്റെ പരിണതിയെപ്പറ്റിയും നമുക്കിതിൽ വായിക്കാം. നക്സലുകൾ കേരളത്തിൽ നടത്തിയ ഉന്മൂലനങ്ങളുടെയും അവരുടെ രാഷ്ട്രീയാദർശങ്ങളുടെയും നേർരേഖയായി ഈ പുസ്തകം വായിക്കാവുന്നതാണ്. നക്സൽപ്രവർത്തനങ്ങളിൽ നേരിട്ടു പങ്കാളിയായവരുടെ അഭിമുഖങ്ങളുടെയും ഓർമ്മക്കുറിപ്പുകളുടെയും അക്കാലത്തെ പോലീസ് റിക്കാർഡുകളുടെയും കോടതിരേഖകളുടെയും പത്രറിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ പുസ്തകത്തിന് ആധികാരികമായ പാരായണക്ഷമത അവകാശപ്പെടാനാകും. നക്സലിസ്റ്റു പ്രസ്ഥാനത്തിന്റെ ആവിർഭാവം മുതൽ പുൽപ്പള്ളി സംഭവം വരെയുള്ള പ്രവർത്തനങ്ങൾ ഇവിടെ പരിശോധിക്കപ്പെടുന്നുണ്ട്.

നക്സൽപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു കാരണമായ ചരിത്രപശ്ചാത്തലം വിശദീകരിച്ചുകൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. അത് ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി ബന്ധപ്പെട്ടതാണ്. സോവിയറ്റ്യൂണിയനും ചൈനയും പിന്തുടർന്ന വിരുദ്ധമായ കമ്മ്യൂണിസ്റ്റു നിലപാടുകൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വലിയ ആശയപ്രതിസന്ധി സൃഷ്ടിച്ചിരുന്നു. വർഗസമരത്തിലധിഷ്ഠിതമായ പ്രവർത്തനസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നവർ ചൈനീസ്പാതയിലേക്കു നീങ്ങുകയും അവരുടെ തീവ്രനിലപാടുകൾ പാർട്ടിയുടെ പിളർപ്പിനു വഴിവയ്ക്കുകയും ചെയ്തു. എന്നാൽ, പിളർപ്പിനുശേഷം നടന്ന ബംഗാൾ തിരഞ്ഞെടുപ്പിൽ ഇരുപാർട്ടികളും പാർലമെന്ററി മോഹങ്ങൾക്കു വഴിപ്പെട്ടപ്പോൾ ചില പ്രവർത്തകർ നിരാശരാവുകയും അവർ പുതിയ സമരവഴികൾ ആലോചിക്കുകയും ചെയ്തു. ചാരുമജുംദാറും കനുസന്യാലുമായിരുന്നു ഇവരുടെ നേതാക്കൾ. ഇന്ത്യയിലിതുവരെ ലക്ഷ്യം കൈവരിക്കാത്ത കർഷകസമരങ്ങളും പരിഹരിക്കപ്പെടാതെ കിടക്കുന്ന സാമൂഹികാസമത്വങ്ങളുമാണ് പുതിയ സമരമാർഗങ്ങളിലേക്കു കടന്നുചെല്ലാൻ ജനതയെ പ്രേരിപ്പിച്ചത്. മാവോ-സെതുങിന്റ വിപ്ലവാത്മക സ്വപ്നങ്ങൾ അവർക്കു ചിറകുകൾ നൽകി. അധികാരത്തിന്റെ ഇടനാഴികളിൽ വിപ്ലവത്തിനു




**വസന്തത്തിന്റെ ഇടിമുഴക്കം**
(പഠനം)
സെബാസ്റ്റ്യൻ ജോസഫ്
പൂർണ പബ്ലിക്കേഷൻസ്
പേജ് 380, വില 340/-